# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 06-03-2017 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **1704**

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.ജോർജ്ജ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പണി ഏതു ഘട്ടം വരെ ആയി എന്ന് വിവരിക്കുമോ ; | (എ) പദ്ധതിയുടെ ഭാഗമായ മണ്ണു പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം, എന്നിവ പൂർത്തിയായി. പദ്ധതിയുടെ പ്രധാന ഘടകമായ 3100 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടറിന്റെ (പുലിമുട്ട്) 538 മീറ്റർ കോർ നിർമ്മാണം പൂർത്തിയായി. കടൽ നികത്തിയെടുക്കേണ്ട 53 ഹെക്ടറിൽ 15 ഹെക്ടർ നികത്തുകയും 800 മീറ്റർ ബെർത്ത് നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള പ്രവൃത്തിയുടെ ഭാഗമായി പാറ കൊണ്ടുള്ള ബണ്ട് 160 മീറ്റർ പൂർത്തിയായിട്ടുണ്ട്. |
| (ബി) ഇതിന്റെ പണി എന്നാണ് തുടങ്ങിയതെന്നും എന്ന് പൂർത്തീകരിക്കുമെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നതെന്നും വിശദമാക്കുമോ ; | (ബി) അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി സംസ്ഥാന സർക്കാർ 2015 ആഗസ്റ്റ് 17 ന് കൺസഷൻ കരാർ ഒപ്പവയ്ക്കുകയും തുറമുഖ നിർമ്മാണം 2015 ഡിസംബർ മാസം 5 നു ആരംഭിക്കുകയും ചെയ്തു. DBFOT (Design, Build, Finance, Operate, Transfer) വ്യവസ്ഥയിലുള്ള പദ്ധതി നിർമ്മാണം കരാർ അനുസരിച്ച് 1460 ദിവസം കൊണ്ട് പൂർത്തികരിക്കേണ്ടതുണ്ട് (അതായത് 2019 ഡിസംബർ 4 ന്). എന്നാൽ പദ്ധതി നിർമ്മാണാരംഭ സമയത്ത്, പദ്ധതി 1000 ദിവസം കൊണ്ട് പൂർത്തീകരിക്കാൻ ശ്രമിക്കുമെന്ന് അദാനി തുറമുഖ കമ്പനി പ്രഖ്യാപിക്കുകയും അതനുസരിച്ച് പ്രവൃത്തി പുരോഗമിക്കുകയുമാണ്. |
| (സി) പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ തീർപ്പാക്കാൻ എന്തെല്ലാം മുൻകരുതലുകൾ സർക്കാർ | (സി) കൺസഷൻ കരാർ നിഷ്കർഷിക്കുന്നത് പ്രകാരം പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണച്ചുമതല കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | | പ്രൈവറ്റ് ലിമിറ്റഡിനാണ്. ഇത് ഉറപ്പുവരുത്തുന്നതിനായി കൺസഷൻ കരാറിൽ നാല് നിർമ്മാണ നാഴികക്കല്ലുകൾ (Milestones). നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ മേൽനോട്ടത്തിനായി ഒരു സ്വതന്ത്ര ഏജൻസിയായി (Independent Engineer) STUP Consultants Private Limited നെ തിരഞ്ഞെടുത്തിട്ടുണ്ട്. കണസഷൻ കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായുള്ള എല്ലാ സംവിധാനങ്ങളും സർക്കാർ ഏർപ്പെടുത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായ ഒരു Empowered Committee യും ഒരു Project Implementation Committee യും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. |
| (ഡി) | വിഴിഞ്ഞം മേഖലയിൽ കരിങ്കല്ലിന്റെ ലഭ്യതക്കുറവുമൂലം പണി തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ? | (ഡി) | കരിങ്കല്ലിന്റെ ലഭ്യതക്കുറവുമൂലം പണി തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തുറമുഖ നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല് ലഭ്യമാക്കേണ്ടത് അദാനി തുറമുഖ കമ്പനിയാണ്. ലൈസൻസുള്ള ക്വാറികളുടെ കുറവും ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട് എങ്കിലും കരിങ്കല്ലിന്റെ ലഭ്യത ഉറപ്പാക്കി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് കമ്പനി വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ